ഇതു കൂടാതെ സംസ്ഥാന സർക്കാർ ഭക്ഷ്യ സംസ്ക്കരണ മേഖലയെ ഊന്നൽ വ്യവസായത്തിൽപ്പെടുത്തി 15% മൂലധന സബ്സിഡിയായി പരമാവധി 15 ലക്ഷംരൂപവരെ നൽകി വരുന്നുണ്ട്.

ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾക്ക് ഗുണനിലവാര സർട്ടിഫിക്കേഷന് ടെക്നോളജി ഡവലപ്പ്മെന്റ് ഫണ്ടിൽനിന്നും 12% സബ്സിഡി നൽകാൻ വ്യവസ്ഥയുണ്ട്.

മേൽ ധനസഹായങ്ങൾ ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റുകൾക്കും ലഭ്യമാണ്.

(ഡി) അസംസ്കൃത വസ്തുക്കൾ അതാത് യൂണിറ്റുകൾ ലഭ്യമായ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുകയാണ്.

സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ

29 [1168] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ട്; ഇതിൽ പൊതുമേഖലയിൽ എത്ര; സ്വകാര്യ മേഖലയിൽ എത്ര; ഏതെല്ലാം;

(ബി) ഇതിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ ഏതെല്ലാം; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ മുപ്പതു ഫാക്ടറികളും കാപ്പക്സിന്റെ കീഴിൽ പത്തു ഫാക്ടറികളും ഉണ്ട്. സ്വകാര്യ മേഖലയിലെ ഫാക്ടറികളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ 25-8-2003 മുതൽ പ്രവർത്തനം പുനരാരംഭിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തനം നടക്കുന്നില്ല. മറ്റു ഫാക്ടറികളെ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

കാപ്പക്സിന്റെ കട ബാദ്ധ്യത

30 [1169] ശ്രീ. കെ. എൻ. എ. ഖാദർ:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പക്സിന്റെ ബാദ്ധ്യത തീർക്കാൻ എത്ര കോടി രൂപയുടെ ധന സഹായമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലത്ത് ഉണ്ടായ കടബാദ്ധ്യത എത്രയായിരുന്നു;

(സി) അതിൽ ഈ ഗവൺമെൻറ് എത്ര കോടിയുടെ കടബാദ്ധ്യത നിറ വേറ്റിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം 2000 ആഗസ്ത് മുതൽ അടഞ്ഞു കിടന്നിരുന്ന കാപ്പക്സിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുവേണ്ടി പ്രവർത്തന ഫണ്ടായി 14-3-2002-ൽ 3 കോടി രൂപയും സേഫ്റ്റി നെറ്റിൽ വകയിരുത്തി 1.50 കോടി രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) കൊടുത്തു തീർക്കാനുള്ള മൊത്തം കടബാദ്ധ്യത 8.92 കോടി രൂപ ഉണ്ടാ യിരുന്നു. അതിൽ ബാങ്കിന് ഒ. ഡി. ഇനത്തിൽ 1.91 കോടി രൂപയും മറ്റു കടങ്ങൾ 7.01 കോടി രൂപയുമായിരുന്നു.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം കാപ്പക്സിന്റെ കടബാ ദ്ധ്യത ഗവൺമെന്റ് ഏറ്റെടുത്തിട്ടില്ല. കാപ്പക്സിന്റെ പ്രവർത്തനത്തിന് അനുവദിച്ച 4½ കോടി (3+1.50)രൂപയിൽനിന്നും ഇ. എസ്. ഐ., ഇ. പി. എഫ്., ആർ. ഡബ്ലിയു. എഫ്. മുതലായ കുടിശ്ശിക ഇനത്തിലും അസംസ്കൃത വസ്തുക്കൾ വാങ്ങിയ ഇനത്തിൽ നൽകുവാനുണ്ടാ യിരുന്ന കുടിശ്ശികയിനത്തിലും കൂടി 2.94 കോടി രൂപയുടെ കടം കൊടുത്തുതീർത്തിട്ടുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷന്റെ കടബാദ്ധ്യത

31 [1170] ശ്രീ. കോവൂർ കുഞ്ഞുമോൻ:

„ എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ കടബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ബാങ്കുകളിലെ എത്ര തുകയ്ക്കാണ് ഗ്യാരന്റി നിശ്ചയിച്ചിട്ടുള്ളത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളിൽനിന്നും പുതിയ വായ്പ അനുവദിച്ചിട്ടുണ്ടോ;

(ഡി) എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷൻ തൊഴിലാളികൾക്ക് എത്ര ദിവസം തൊഴിൽ നൽകി; കാപ്പക്സ് തൊഴിലാളികളുടെ തൊഴിൽദിനം പ്രതിവർഷം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly